


# നീർമാതളം

## ഒരു ലിറ്റിൽകൈറ്റ്സ് സംരംഭം

little KITEs



കുമാരപുരം പഞ്ചായത്തിൽ സ്ഥിതി ചെയ്യുന്നതും, "കേരള കാളിദാസൻ " കേരള വർമ്മ വലിയകോയി തമ്പുരാന്റെ നാമധേയത്തിൽ അറിയപ്പെടുന്നതുമായ ഒരു സരസ്വതീ ക്ഷേത്രമാണ് കെ.കെ.കെ.വി.എം ഹയർ സെക്കന്ററി സ്കൂൾ. "അനന്തപുരം സ്കൂൾ" എന്നും വിളിപ്പേരുള്ള ഈ വിദ്യാലയത്തിൽ എൽ.കെ.ജി മുതൽ പ്ലസ് ടു വരെയുള്ള ക്ലാസ്സുകൾ നിലവിലുണ്ട്. പാർലമെന്റ് അംഗമായും എം.എൽ.എ ആയും കുമാരപുരം പഞ്ചായത്ത് പ്രസിഡന്റായും മറ്റ് വിവിധ സ്ഥാനങ്ങൾ വഹിച്ചിരുന്നതുമായ ശ്രീ.ജി.പി. മംഗലത്തു മഠം ആണ് ഈ വിദ്യാലയത്തിന്റെ സ്ഥാപകൻ. പാഠ്യ-പാഠ്യേതര രംഗങ്ങളിൽ കഴിഞ്ഞ കുറേ വർഷങ്ങളായി ആലപ്പുഴ ജില്ലയിലേയും സംസ്ഥാനത്തു തന്നെയും ഉന്നത സ്ഥാനം അലങ്കരിക്കുന്ന ഒരു വിദ്യാലയമാണിത്. വ്യത്യസ്തങ്ങളായ ക്ലബ്ബുകൾ വളരെ വിജയകരമായി പ്രവർത്തിക്കുന്ന ഇവിടെ എസ്.പി.സി, ജെ.ആർ.സി, സ്കൗട്ട്സ് , ഗൈഡ്സ് എന്നിവയോടൊപ്പം വളരെ നല്ല രീതിയിൽ നടപ്പാക്കി വരുന്ന ഒന്നാണ് "ലിറ്റിൽ കൈറ്റ്സ്".

വിദ്യാർത്ഥികളുടെ ഉന്നമനത്തിനായി വിവിധങ്ങളായ പ്രവർത്തനങ്ങൾ ഏറ്റെടുത്ത് നടപ്പാക്കി വരുന്ന ഈ വിദ്യാലയത്തിലെ "ലിറ്റിൽ കൈറ്റ്സ് "യൂണിറ്റ് വിവര വിനിമയ സാങ്കേതിക വിദ്യയുടെ കാണാപ്പുറങ്ങൾ തേടിയുള്ള യാത്രയിൽ കുട്ടികളുടെ വിവിധ മേഖലകളിലുള്ള കഴിവുകളെ പരിപോഷിപ്പിച്ചു വരുന്നു. ശ്രീമതി എസ്.ശാലിനി, ശ്രീമതി ഗോപിക ഗോപാലകൃഷ്ണൻ എന്നീ ആധ്യാപികമാരാണ് ഈ വിദ്യാലയത്തിലെ ലിറ്റിൽ കൈറ്റ്സിന്റെ നെടുംതൂണുകൾ. ഈ ക്ലബ്ബിൽ അംഗങ്ങളായിട്ടുള്ള എല്ലാ കുട്ടികൾക്കും തങ്ങളുടേതായ ചിന്താശേഷികൾ വികസിപ്പിക്കുവാനും അവ മറ്റുള്ളവർക്ക് പകർന്നു നൽകാനും കഴിയുന്നുണ്ട്. അങ്ങനെയുള്ള ഒരു ഉദ്യമത്തിന്റെ ഭാഗമായിട്ടാണ് "സ്പന്ദനം " എന്ന ഈ മാഗസിൻ തയ്യാറാക്കിയിരിക്കുന്നത്. ഒൻപതാം ക്ലാസ്സിലെ കൊച്ചുകുട്ടികൾ സ്വന്തം കഴിവുകൾ നിരത്തി അണിയിച്ചൊരുക്കിയിരിക്കുന്ന ഈ കലാവിരുന്ന് ഏവർക്കും ഹൃദ്യമായ അനുഭവം പകർന്നു നൽകും എന്ന് വിശ്വസിക്കുന്നു. തുടർന്നും നമ്മുടെ കൊച്ചു കൂട്ടുകാർക്ക് സമൂഹത്തിന് നന്മ വിതറാൻ ഉതകുന്ന അനേകം പ്രവർത്തനങ്ങൾ ചെയ്യാൻ കഴിയട്ടെ. ഈ മാഗസിൻ സമൂഹത്തിന്റെ സ്പന്ദനമായി മാറട്ടെ എന്ന് ആശംസിക്കുന്നു.

ബി.സുഭാഷ്

ഹെഡ്മാസ്റ്റർ

# *EDITORIAL*

*Chief Editor* : **Pavithra. R**

Editors : **Gayathri Viswanath,**
**Haritha.R,**
**Sivani V.S,**
**Shylanand.**

Designing : **P.Anirudh Nair,**
**Amal Nath R**

# വർഷകാലമേഘങ്ങൾ

ആർദ്രമീ സന്ധ്യയിൽ ഊഴര ഭ്രുവിൽ
നിറയും നിലാവെണ്മ നിനക്കായി പകരുന്നു.
കാറ്റായി കുളിരായി  കാതര മനനമായ്
ഉടയുന്ന ചില്ലിട്ട പടമായി ഞാനും.....
ശ്യാമവിപഞ്ചിക മീട്ടിനീ വരുമെന്നു
കാലം പറയാൻ മറന്നു വെച്ച
മാദകസ്വപ്നങ്ങൾ മഞ്ഞായി പെയ്യുമ്പോൾ
മഴപോലെ കുളിരാർന്നു നിന്നുചെന്നോ
ഒരു പദനിസ്സ്വനം കേൾക്കാൻ കൊതിച്ചുപോയ്
മനസ്സിൻ കിളിവാതിൽ മെല്ലെ തുറന്നു
കാലവർഷത്തിൻ തുടിപോലെ ജന്മങ്ങൾ
എത്രയോ വരുമെന്നു നമ്മൾ നിനച്ചതും
ഓർത്തുപോയ് പറയുവാൻ നീ കാത്തുപെയ്തതും ബാക്കിയായ്
കാർമേഘജാലമായി പെയ്തൊഴിഞ്ഞ
നശ്വരമാകുമീ ലോകത്തിൻ കോണിലായ്
ഇത്തിരി വെട്ടമായ് അണയുന്നു നാം സഖീ



**-ശിവപ്രസാദ്.വി**

**TEACHER**
**K.K.K.V.M.H.S.S.**



# പത്തിൻെറ വിശേഷം

പത്തിന് 'ദശം' എന്നാണ് സംസ്കൃതത്തിൽ പേര്. ഭാരതീയ സംസ്കാരത്തിലും സങ്കല്പങ്ങളിലും ഈ സംഖ്യയ്ക്ക് വളരെ പ്രാധാന്യമുണ്ട്. ദശവുമായി ബന്ധപ്പെട്ട വിശേഷങ്ങൾ ഇതാ:-

ദശമൂലം: കുമിൾ,മ
ഞ്ഞ,പാതിരി,പകലപായനി,ഓരില,മൂവില,പറുത്തചെണ്ട,ഞെരിഞ്ഞിൽ.

ദശപുഷ്പം:
പൂവാകുന്നില,മുയൽചെവി,കറുക,നിലപ്പന,കുഞ്ഞുണ്ണി,വിഷ്ണക്രാന്തി,ചെറുള,തിരുതാളി,ഉഴ
ിഞ്ഞ,മുക്കുറ്റി.

ദശപാതങ്ങൾ:
കൊല,മോഷണം,ക്രൂരത,കഠിനവാക്ക്,വ്യാജം,അസംബന്ധം,ദ്രോഹചിന്ത,പരധാഗ്രഹം,
നാസ്തികബുദ്ധി,അവകാശമില്ലാത്ത വിഷയം,ആശ.

ദശേന്ദ്രയം: വാക്ക്,വാദം,പാണി,വാ,ഉപസ്ഥം,കണ്ണ്,മൂക്ക്,നാക്ക്,ചെവി,ത്വക്ക്

ദശോപചാരങ്ങൾ:
അർഘ്യം,പാദ്യം,ആചമീനിയം,മധുപർക്കം,പുരാചമനം,ഗന്ധം,പുഷ്പം,ധൂപം,ദീപം,നിവേ
ദ്യം.

ദശോപനിഷത്തുകൾ:
ഈശം,കേനം,കഠം,പ്രശ്നം,മുണ്ഡം,മൂന്ന്ഡൂക്യം,ഛാന്ദോശ്യം,തൈത്തിരിയം,ഐതരെയം
,ബൃഹദാരൻ്യം.

ദശബലൻ: ബുദ്ധിമുനി,ജ്ഞാനം,പ്രജ്ഞ,വീരം,ക്ഷമ,ശീലം,ദാനം
,ബലം,ഉപായം,ധ്യാനം,പ്രണധി, എന്നീ പത്ത് ഗുണങ്ങളോട്ട കൂടിയവൻ.

ദശാവതാരങ്ങൾ:
മത്സ്യം,കൂർമം,വരാഹം,നരസിംഹം,വാമൻ,പരശുരാമൻ,ശ്രീരാമൻ,ബലരാൻ,ശ്രീകൃഷ്ണ,
കൽക്കി.

**ഷൈലാനന്ദ്.എസ്**
**10:B**

# NEWSPAPER AND CHILDREN



*Newspaper is a set of large sheets, containing printed news, stories, information, articles, advertisements, etc. It plays a great role in keeping as up – to – date on events nearby is a collection of news from all over the world which keeps us up – to – date about every thing significant going outside our houses. We should practice news reading on daily basis. It is a good habit as it improves your general knowledge and make you aware of your country's economical, social and political issues.*

*You can encourage your kids and children for reading newspaper and enhance their knowledge. It will also make them familiar with the politics, social structure, and geography of their country. Newspaper reading is some of these hobbies which could be performed almost anywhere and has non side effects at all.*

**Adithya.P.Sabu**
**9:B**

# നല്ല ചിന്തകൾ

*ഒരു തേനീച്ച പൂവിൽ നിന്നെന്ന പോലെ എല്ലാ ആളുകൾ,അനുഭവങ്ങൾ,വസ്തുക്കൾ,ഇവയിൽ നിന്നും തേൻ മാത്രം സ്വീകരിച്ച് മുന്നോട്ട് നീങ്ങുക.അനുഭവ പരിചയത്തിൽ നിന്ന് നിങ്ങൾ സൂക്ഷിച്ച് വയ്ക്കേണ്ട ഒരേയൊരു കാര്യം അതിൽ നിന്നുള്ള ഗുണ പരമായ ഭാഗം മാത്രമാവണം.

*നിങ്ങളുടെ പുഞ്ചിരി ലോകത്തെ മാറ്റട്ടെ; ലോകം ഒരു കാരണ വശാലും നിങ്ങളുടെ പുഞ്ചിരിയെ മാറ്റാൻ അനുവദിക്കുക.

*സന്തോഷകരമായ ജീവിതം എന്നതിനർഥം നിങ്ങൾക്ക് ച്ചുറ്റുമുള്ളതെല്ലാം പൂർണതൃപ്തി തരുന്നതാണ് എന്നല്ല, ജീവിത സാന്തോഷം സ്വീകരിക്കലാണ്.

*നിങ്ങൾ മറ്റുള്ളവർക്ക് നന്മവരണമെന്ന് ആഗ്രഹിക്കുമ്പോൾ നന്മ നിങ്ങളിലേക്ക് തിരികെ എത്തുന്നു. അതാണ് പ്രകൃതി നിയമം.


നവനീത്. ആർ. നായർ
9:C



# സമ്മാനം

മാസാവാസാനത്തെ  ആഘോഷത്തിനു  ശേഷം പഞ്ചനക്ഷത്ര ഹോട്ടലിൽ നിന്നും കാറിൽ കയറുമ്പോൾ തന്റെ മക്കൾക്കായി വാങ്ങിയ ഡയണ്ട് നെക്ലസ് കാറിലിരിക്കുന്നത് കണ്ടപ്പോൾ മനസിനൊരു ഒരു കുളിർമ. ഏക മകളാണ് അവൾക്ക് ഇതുവരെ ഒരു കുറവും വരുത്തിയിട്ടില്ല എന്ന് ഓർക്കുമ്പോൾ.
കുലിപ്പണിക്കുശേഷം ഷാപ്പിൽ നിന്ന് സൈക്കിളെടുത്തപ്പോൾ കവറിനുള്ളിലെ കുപ്പിവളകളുടെ മന്ത്രനാദം കേട്ടപ്പോൾ അത് മനസ്സിലെ മന്ത്രനാദമായി മാറി. മകൾക്ക് ഇന്നെവരെ ഒരു കുറവും ദൈവം സഹായിച്ച് ഉണ്ടായിട്ടില്ല.

ആദിത്യ എം
**9:B**



# യാത്ര

അവളെ കാണാൻ പോകുന്നതി
നെകാൾ എനിക്കിഷ്ടം
അവളെ കാണാൻ പോകുന്ന
യാത്രകളേയാണ്.
മനസ്സിന് കുളിർമയേകുന്ന
യാത്രകൾമനസ്സിന്
സന്തോഷമേകും.
ഏതു വലിയ യാത്രയിലും
എന്റെ മനസ്സിൽ അവൾ മാത്രം.
അവളെ കാണാൻ പോകുന്ന
യത്രകൾ എനിക്കിഷ്ടം
അവളുമായ് പോകുന്ന
യാത്രകൾ എനിക്കതിലേറെഇഷ്ടം

ഫൈസൽ.എൻ
9:D

## PUZZLE

| | | | | | | | | | | |
|---|---|---|---|---|---|---|---|---|---|---|
| M | E | J | S | P | G | M | I | F | K | N |
| O | L | M | E | B | V | T | A | O | H | Q |
| H | C | A | M | A | M | M | O | O | T | Y |
| A | I | P | Y | S | G | T | K | F | X | S |
| N | B | T | D | R | B | G | U | R | C | Q |
| L | J | D | I | P | F | A | Z | L | K | R |
| A | W | N | L | W | T | O | V | I | N | O |
| L | X | Q | I | L | U | C | N | H | H | M |
| O | Z | E | P | Y | J | V | D | D | I | O |

- MAMMOOTY
- TOVINO
- DILIP
- MOHANLAL

# തോരാമഴ

എനിക്ക് നീ മഴയാണ്..... തോരാമഴ സാമീപ്യവും
ഗന്ധവും മഴയുടേതാണ് പെരുമഴയെന്നു ഞാൻ വിളിക്കും
സന്തോഷിക്കുമ്പോൾ ആർത്തും സങ്കടപ്പെടുമ്പോൾ
നേർത്തും നീ വരാറുണ്ട്......
ഞാൻ കാത്തിരിക്കണ്ട.....നീ എത്താറിണ്ട്
നീ എത്തുംമുമ്പ് ഇരുട്ട് വരുന്നത് പേടിയാണെന്ന്
എത്ര പറഞ്ഞിട്ടും പിന്നെയും നീ അങ്ങനെ വരുന്നത്
എൻെറ പേടിമാറ്റാനല്ലേ..... ഉച്ചക്ക് നീ
പെയ്യുന്നതാണെനിക്ക് കാണാനിഷ്ടം ഇനി
ഉണ്ടാവില്ല എന്ന് എല്ലാരും പറയുമ്പോഴും എനിക്കറിയാം
ഉറപ്പായും വരുമെന്ന്....
പെയ്തൊഴുകുമ്പോൾ കൂടൊഴുകാൻ
അനുവദിക്കാത്തത് ഓർത്തിരിക്കാൻ വേണ്ടിയല്ലേ....



M P Resmi

Teacher

K.K.K.V.M.H.S.S

# SOME GOOD INFORMATIONS

**PAN** - Permanent Account Number

**PDF** - Portable Document Format

**SIM** - Subscriber Identity Module

**ATM** - Automated Teller Machine

**Wi-Fi** - Wireless Fidelity

**HDMI** - High Definition Multimedia Interface

**LED** - Light Emitting Diode

**DTP** - Desktop Publishing

**IFSC** - Indian Financial System Code

**RAM** - Random Access Memory

**NIDHI MP**

7. B

# ലഹരി ആപത്ത്

ഈ അടുത്തകാലത്തായി ചെറുപ്പക്കാർക്കിടയിൽകൊണ്ടുവരുന്ന ഒരു പ്രവണതയാണ് ബോറടിയും,ടെൻഷനും ഉത്കണ്ഠയുമൊക്കെ ഒഴിവാക്കാൻ ലഹരിമരുന്നുകൾ ഉപയോഗിക്കുക എന്ന പതിവ്. അത് അവർക്ക് സന്തോഷം പകരുന്ന ഒന്നായിമാറിയിരിക്കുന്നു. ഇത്തരം മരുന്നുകളുടെ സ്ഥിരമായ ഉപയോഗം അവയ്ക്ക് അടിമപ്പെടുക എന്നതിലേക്കായി മാറുന്നു. അതു ശാരീരികവും മനസികവുമായ തകർച്ചയ്ക്ക് വഴി ഒരുക്കുകയും ചെയ്യുന്നു . ലഹരി മരുന്നുകൾ ലഭിക്കാത്ത പക്ഷം അവർ അക്രമ കാരികളായി മാറുന്നു. പിന്നീടവർ കുറ്റ കൃത്യങ്ങളിലേക്കു തിരിയുന്നു.

ലഹരി മരുന്നിന്റെ അടിമകളായവർക്ക് ശരിയായ ചികിൽസയും കരുതലും ആവിശ്യമാണ് . അവർക്ക് കൗൺസിലിങ്ങ് ക്ലാസുകളും കൊടുക്കുന്നത് വഴി അവരെ ലഹരിയുടെ പിടിയിൽ നിന്നും മോചിതരാക്കാവുന്നതുമാണ്.

**ശിവാനി .വി. എസ്**

**10.D**




# പൂവ്

പൂവേ പൂവേ കൊഴിയല്ലെ-
പൂന്തെന്നൽ വന്നു വിളിച്ചാൽ പോവല്ലേ
പുലരി മഴയിൽ ഇതള് പൊഴിക്കല്ലേ
ഒരിതളും നീ പൊഴിക്കല്ലേ



**അജയ്.ജെ.നായർ**

**10:C**



# ALBERT EINSTEIN (1879-1955)

German mathematical physicist. Famous for the theory of relativity. Motion is 'relative' and therefore, can be measured only in relation to something else. According to him, the only unchanging quantity is the speed of light. His work led on to the making of nuclear bomb. He established the relationship between mass and energy with the famous equation $E=mc^2$. He received the Noble prize: in 1921.

**SRAVAN.P**
**9:B**

# DR. B. R. AMBEDKAR



Dr. Bhimrao Ambedkar was a famous leader of the untouchables in india. He also playedan important role in the freedom struggle. He was born on April 14, 1891.He belonged to an “untouchable” Mahar caste. At that time, children belonging to lower castes did not get good education.

But Ambedkar was a lucky boy. His father and garndfather were in the british army. The government wanted the children of their employees to be educated. Thus the Ambedkar’s family was fortunate to receive good education. In the schools he had a number of experience by which he came to know theevil effects of cast system. He studied at the Elphinstone of Baroda. Thus he went America
and England for his higher studies.


Ambedkar was the founder of the Bahishkrut Hitkaraini Sabha. It was in July 192, he founded this organization. The Sabha had a few noble aim. It tried to uplift the downtrodden socially and politically. It worked to bring them to the level of the other in the Indian society. Ambedkar also served as chairman of the committee to draft the constitution of india.



# കാത്തിരിപ്പ്

ഇന്നും വരാന്തതൻ കോണിൽ ഇരിക്കുന്നു
മൂകമായി പാടുന്ന കുരുന്നു പക്ഷി
കൊഴിയാൻ ഒരുങ്ങുന്ന പൂപോലെ
അവൾ കരഞ്ഞ് തളർന്ന കണ്ണുമായി
ആരെയോ എന്തിനോ കാത്തിരിക്കുന്നവൾ
മറയാത്ത ബാല്യത്തിനോർമ്മയായി
വിജനമാം ആ വഴി മുകമായി പാടുന്നു
അവളുടെ കഥ ഒരു കവിതയായി
കഥയല്ല വെറുമൊരു കവിതയല്ല
അത് ഓർമ്മചിത്രത്തിന്റെ ബാക്കിഭാഗം
പതിയെ ആ കുഞ്ഞു വഴുതി
വീഴുന്നു. ഏകാന്ത നിദ്രതൻ കൂട്ടിലെക്ക്

നന്ദന സത്യൻ
10:B



# രബീന്ദ്രനാഥ ടാഗോർ

നമ്മുടെ ദേശിയ ഗാനമായ ജനഗണമനയുടെ രചയിതാവായ ശ്രീരബീന്ദ്രനാഥ ടാഗോർ 1861 മെയ് ഏഴാം തിയതി കൽക്കട്ടയി ല്ജനിച്ചു.കവി,കഥാകാരൻ,നാടകകൃ ത്ത്,തത്വചിന്തകൻ,വിമർശകൻ,ചി ത്രകാരൻ,അഭിനേതാവ് തുടങ്ങി വിവിധ മേഖലകളിൽ അദ്ദേഹം തിളങ്ങിനിന്നു. അദ്ദേഹം തൻെറ 103 കവിതകൾ ഗീതാഞ്ജലി എന്ന തലക്കെട്ടിൽ പുസ്തകമായി പ്രസിദ്ധീകരിച്ചു.1913-ൽ അദ്ദേഹത്തിൻെറ 'ഗീതാഞ്ജലി'ക്ക് നോബൽ സമ്മാനം ലഭിച്ചു. ഇന്ത്യൻ നാഷണൽ കോൺ-ഗ്രസിൻെറ ആദ്യകാലങ്ങളിലെ സജീവ പ്രവർത്തകനായിരുന്നു അദ്ദേഹം. ജാലിയൻ വാലാബാഗ് കൂട്ടക്കൊലക്കെതിരെ ശക്തമായി പ്രതികരിച്ച അദ്ദേഹം തനിക്കു ലഭിച്ച 'സർ'സ്ഥാനംബ്രിട്ടീഷ് ഗവൺമെൻെറിന് തിരികെ നല്കി.1941 ഓഗസ്റ്റ് ഏഴാം തീയതി അദ്ദേഹം അന്തരിച്ചു.

ഗായത്രി വിശ്വനാഥ്

**9.D**

# 2019 ൻെറ ഗണിത പ്രത്യേകത

മൂന്നു അഭിഭാജ്യ സംഖ്യകളുടെ വർഗ്ഗങ്ങളുടെ

തുകയായി 6 വ്യത്യസ്ത രീതികളിൽ എഴുതാൻ

കഴിയുന്ന ഏറ്റവും ചെറിയ സംഖ്യ .

72 + 112 + 432 =2019

72 +  172 + 412 = 2019

132 + 132 + 412 = 2019

112 + 232 + 372 = 2019

172 + 192 + 372 = 2019

232 + 232 + 312 = 2019

**Aparna.P.Raj**

9.B

# ഭാഷ

അമ്മതൻ മലയാളം
ഭൂമിതൻ മലയാളം
അമ്മതൻ ഭാഷ പകർന്നു നൽകിയ
മലയാളമാണെന്റെ ഭാഷ
ഇലകളിൽ നിന്നിറ്റുന്ന നീർത്തുള്ളി-
പോലൊരു ചൈതന്യമാണെൻറ ഭാഷ.
സുഹൃത്ത് ബന്ധംപോലെ കൂടെ
കളിക്കുന്ന നൈർമല്യമായെന്റെ മലയാളം,
തേൻ മാവിൻ കൊമ്പിലെ മണമുള്ള
പൂവിനുമുള്ളിലൊളിച്ചതി ചൈതന്യമാണ്
മലയാളം.

പവിത്ര.ആർ
9:A

# ആദ്യത്തെ വിദ്യാഭ്യാസമന്ത്രി-

## ജോസഫ് മുണ്ടശ്ശേരി



കേരളസംസ്ഥാനം രൂപീക്രതമായശേഷം നടന്ന ആദ്യത്തെ തെരഞ്ഞെടുപ്പിൽ വിജയ്ച്ച് ആദ്യത്തെ മന്ത്രിസഭയിൽ വിദ്യാഭ്യാസ മന്ത്രിയായ വ്യക്തിയാണ് മുണ്ടശ്ശേരി. മന്ത്രിയായ ആദ്യ മലയാള സാഹിത്യകാരൻകൂടിയാണിദ്ദേഹം. കേരള സാഹിത്യഅക്കാദമി,സംഗീത നാടകഅക്കാദമി എന്നിവ രൂപവത്കരിക്കുന്നതിൽ അദ്ദേഹം പ്രധാന പങ്കുവഹിച്ചു. കുമാരനാശാൻ, തുഞ്ചനെഴുത്തച്ഛൻ തുടങ്ങിയ സാഹിത്യകാരന്മാർ സ്മാരകം നിർമിക്കുന്നതിനും മുൻകൈയെടുത്തത് മുണ്ടശ്ശേരിയാണ്.കൊച്ചിയിൽ ശാസ്ത്രസാങ്കേതിക സർവകലാശാല സ്ഥാപിച്ചതും മുണ്ടശ്ശരിയുടെ നേത്രത്വത്തിലാണ്.കേരളത്തിൽ വലിയ വിവാദമുണ്ടാക്കിയ വിദ്യാഭ്യാസ ബില്ലിന് രൂപംകൊടുത്തത്  ഇദ്ദേഹമാണ്. കേരളത്തിലെ പ്രധാന സർവകലാശാലകളുടെ സ്ഥാപനത്തിന് വഴിതെളിച്ചത് ഈ ബില്ലാണ്.

അഹലം.എസ്

9:B



# മണ്ണിൽ പട്ടുവിരിക്കുന്നവർ

പ്രകൃതിയിൽ നെയ്ത്തുക്കാരായ ചിലന്തികളുടെ ഉത്പത്തിയെക്കുറിച്ച് ഒരു കഥയുണ്ട്. അരാക്നേ എന്ന യുവതി പട്ടുവസ്ത്രങ്ങൾ നെയ്യുന്നതിൽ അതിവിദ്ധയായിരുന്നു.തൻെറ കഴിവിൽ അതിരുകവി-ഞ്ഞ വിശ്വാസമുണ്ടായിരുന്ന അവൾ അഥീനാദേവിയുമായി നെയ്ത്ത് മത്സരത്തിലേർപ്പെട്ടു.

മത്സരത്തിൽ അരാക്നെ നെയ്ത്ത് വസ്ത്രം കീറിപ്പറിച്ചെറിഞ്ഞുതളഞ്ഞു. സങ്കടം സഹിക്കവയ്യാതെ അരാക്നേ ജീവനൊടുക്കി. പശ്ചാത്തപിച്ച അഥീന അവളെ ഒരു ചിലന്തിയായി പുനർജനിപ്പിച്ചു. മഞ്ഞു വീഴുന്ന മാസങ്ങളിൽ മരങ്ങളിലും പുല്ലിലും നീഹാരാർദ്രങ്ങളായി കാണപ്പെടുന്ന ചിലന്തിവലകൾ അരാക്നേയുടെ  വസ്ത്ര നിർമ്മാണവൈദഗ്ധ്യത്തെ ഓർമ്മിപ്പിക്കുന്നു. ചിലന്തികളുടെ ഗോത്രത്തിന് 'അരാക്നിഡേ ' എന്നാണ് പേര് നൽകിയിരിക്കുന്നത് .

അമൽനാഥ്

9:B